# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 161** — **04/11/2019 -ന് മറുപടിക്ക്**

## പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാത്യു റ്റി.തോമസ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേരള , തമിഴ്നാട് മുഖ്യമന്ത്രിമാർ തമ്മിൽ നടത്തിയ ചർച്ചയിൽ ഇരു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട നദീജല പ്രശ്നങ്ങളിൽ ഏതൊക്കെ പരിഗണിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട് കേരളവും തമിഴ്നാടും തമ്മിൽ 25/09/2019-ൽ തിരുവനന്തപുരത്ത് നടന്ന മുഖ്യമന്ത്രി തല ചർച്ചയിൽ , പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം, തമിഴ്നാട് നടത്തുന്ന കരാർ ലംഘനങ്ങൾ , ആനമലയാർ, നീരാർ- നല്ലാർ ഡൈവേർഷനുകൾ , ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിന്റെ ശാക്തീകരണം, പാണ്ടിയാർ-പുന്നപ്പുഴ പദ്ധതി എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. |
| (ബി) പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യേണ്ട കാലാവധി കഴിഞ്ഞ് ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും പുനരവലോകനം നടത്താൻ തയ്യാറാകാത്ത തമിഴ്നാട് സർക്കാരിന്റെ നിലപാടിൽ മാറ്റമുണ്ടായിട്ടുണ്ടോ; | (ബി) പ്രസ്തുത ചർച്ചയിൽ, പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. |
| (സി)ഇതു സംബന്ധിച്ചുള്ള തുടർനടപടികളിൽ ഉണ്ടായ ധാരണകൾ വ്യക്തമാക്കാമോ ? | (സി) ചർച്ചയിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ തീരുമാനിക്കുകയുണ്ടായി. പറമ്പിക്കുളം- ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരുസംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ |

നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ , ഓരോ സംസ്ഥാനത്തിലേയും അഞ്ച് അംഗങ്ങൾ വീതമുള്ള ഒരു പത്തംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഈ കമ്മിറ്റി താഴെപ്പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കുന്നതാണ്.

i) ആനമലയാർ വഴി 2.5 ടി.എം.സി വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം;

ii) പറമ്പിക്കുളം-ആളിയാർ വ്യൂഹത്തിലെ നീരാർ-നല്ലാർ ഡൈവേർഷൻ;

iii) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ

2) ചാലിയാർ പുഴയുടെ രണ്ട് കൈവഴികൾ ഉൾപ്പെടുന്ന പാണ്ടിയാർ-പുന്നപ്പുഴ പ്രൊപ്പോസലിനെക്കുറിച്ച് പഠിക്കുന്നതിന് കേരളത്തിന്റെ KSEBL, തമിഴ്നാടിന്റെ TANGEDCO എന്നിവയിൽ നിന്നുള്ള വിദഗ്ദർ ഉൾപ്പെടുന്ന ഒരു പ്രത്യേക അഞ്ചംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

3) കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് വിലയിരുത്തുന്നതിന് രണ്ട് സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറ് മാസം ഇടവിട്ട് തിരുവനന്തപുരത്തും ചെന്നെയിലും യോഗം ചേരാൻ തീരുമാനിച്ചു.

സെക്ഷൻ ഓഫീസർ